**File No.HEDN-K1/157/2021-HEDN**

"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നതവിദ്യാഭ്യാസവകുപ്പ് - സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും 18-10-2021 ന് പൂർണ്ണമായും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള പൊതുമാനദണ്ഡങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു

---

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1374/2021/ഉ.വി.വ തീയതി,തിരുവനന്തപുരം. 13/10/2021

---

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും 18-10-2021 ന് പൂർണ്ണമായും തുറന്ന് പ്രവർത്തിക്കുന്നതിന് താഴെ പറയും പ്രകാരം പൊതുമാനദണ്ഡങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. പ്രൊഫഷണൽ കോളേജുകൾ അടക്കം ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും ഒക്ടോബർ 18 മുതൽ പൂർണമായും തുറന്ന് പ്രവർത്തിക്കേണ്ടതാണ്.
2. ബിരുദാനന്തര ബിരുദ ക്ലാസുകൾ മുഴുവൻ വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ച് കൊണ്ട് നടത്താവുന്നതും, ബിരുദ ക്ലാസുകൾ ആവശ്യമെങ്കിൽ വിദ്യാർത്ഥികളെ ബാച്ചുകൾ ആയി പരിഗണിച്ച് ഇടവിട്ടുള്ള ദിവസങ്ങളിലോ, ആവശ്യത്തിന് സ്ഥലം ലഭ്യമായ ഇടങ്ങളിൽ പ്രത്യേക ബാച്ചുകളായി ദിവസേനയോ നടത്താവുന്നതാണ്.
3. സയൻസ് വിഷയങ്ങളിൽ പ്രാക്ടിക്കൽ ക്ലാസ്സുകൾ അനുവദിക്കാവുന്നതാണ്.
4. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിന്റെ ഭാഗമായി ക്ലാസ് റൂമുകളും ലൈബ്രറി, ലബോറട്ടറി ശുചി മുറികൾ, വിശ്രമ മുറികൾ (സിക്ക് റൂം) തുടങ്ങിയവയും സമ്പൂർണമായി അണുവിമുക്തമാക്കേണ്ടതാണ്.
5. വിദ്യാർത്ഥികൾ ക്യാമ്പസ്സിനുള്ളിൽ കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നു എന്ന് സ്ഥാപനമേധാവികൾ ഉറപ്പാക്കേണ്ടതാണ്. ആവശ്യാനുസരണം ഹാൻഡ് വാഷ്, സാനിറ്റൈസർ, മുഖാവരണങ്ങൾ, തെർമൽ സ്കാനർ തുടങ്ങിയവ ഉറപ്പാക്കേണ്ടതാണ്.
6. വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും സൗജന്യ വാക്സിൻ സ്ഥാപനതലത്തിൽ നൽകുന്നതിന് സ്പെഷ്യൽ ഡ്രൈവ് നടത്താൻ പ്രത്യേക ക്യാമ്പുകൾ സജ്ജീകരിക്കേണ്ടതാണ്.

Scanned with CamScanner

7. ക്ലാസ്സുകൾ ഒറ്റ സെഷനിൽ 8.30 മുതൽ 1.30 വരെ നടത്തുന്നതാണ് അഭികാമ്യം. അല്ലെങ്കിൽ 9 മുതൽ 3 വരെ, 9.30 മുതൽ 3.30 വരെ, 10 മുതൽ 4 വരെ എന്നീ സമയക്രമങ്ങളിലൊന്ന് സൗകര്യപൂർവം തെരഞ്ഞെടുക്കാൻ കോളേജ് കൗൺസിലുകൾക്ക് തീരുമാനിക്കാവുന്നതാണ്. സൗകര്യപ്രദമായ സമയക്രമത്തിൽ നടത്തുന്നതിന് അതാത് സ്ഥാപനാടിസ്ഥാനത്തിൽ തീരുമാനിക്കാവുന്നതാണ്.
8. എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള രീതിയിൽ 6 മണിക്കൂർ ദിവസേന ക്ലാസ് നടത്തുന്നതിനുള്ള സംവിധാനം സ്വീകരിക്കാവുന്നതാണ്.
9. അധ്യാപക-അനധ്യാപക ജീവനക്കാർ കോളേജുകളിൽ ഹാജരാകേണ്ടതാണ്.
10. വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾ തുറന്ന് പ്രവർത്തിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കുന്നു എന്നും കോവിഡ് പ്രോട്ടോകോൾ പ്രകാരമുള്ള നിബന്ധനകൾ പൂർണമായി പാലിക്കുന്നു എന്നും സ്ഥാപനമേധാവികൾ ഉറപ്പാക്കേണ്ടതാണ്.
11. ക്ലാസ്സുകളുടെ സുരക്ഷിതമായ നടത്തിപ്പിന് അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും പ്രതിനിധികൾ, പോലീസ്, എന്നിവരെ ഉൾപ്പെടുത്തി സ്ഥാപനതല കോവിഡ് ജാഗ്രതാ സമിതികൾ രൂപീകരിക്കേണ്ടതാണ്.
12. വിദ്യാർത്ഥികൾ കാമ്പസിനകത്തും പുറത്തും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കണം.
13 ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരുമായ വിദ്യാർത്ഥിനികൾ വാക്സിൻ സ്വീകരിച്ചു എന്ന് ഉറപ്പാക്കി ക്ലാസ്സിൽ പ്രവേശിപ്പിക്കാവുന്നതാണ്.
14 18 വയസ്സ് തികയാത്തതിനാൽ വാക്സിൻ എടുക്കാൻ സാധിക്കാത്ത വിദ്യാർത്ഥികളെയും ഒരു ഡോസ് വാക്സിൻ സ്വീകരിച്ച് രണ്ടാം ഡോസിന് സമയമാകാത്തവരെയും ക്ലാസിൽ പ്രവേശിപ്പിക്കാം. ഇവരുടെ വീട്ടുകളിലെ 18 വയസ്സുള്ള എല്ലാവരും ഒരു ഡോസ് വാക്സിൻ എങ്കിലും എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കണം.
15 വിമുഖത മൂലം വാക്സിൻ എടുക്കാത്ത അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും കോളേജിൽ പ്രവേശിപ്പിക്കേണ്ടതില്ല.
16 ഏതെങ്കിലും രോഗങ്ങളുള്ള വിദ്യാർത്ഥികൾ ആദ്യ രണ്ടാഴ്ചക്കാലം കോളേജിൽ പ്രവേശിക്കാതിരിക്കുന്നതാണ് അഭികാമ്യം
17 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ ആദ്യ രണ്ടാഴ്ച കോളേജുകളിൽ വരാതിരിക്കുന്നതാണ് അഭികാമ്യം.
18 ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് സ്ഥാപനതലത്തിൽ സ്പെഷ്യൽ വാക്സിനേഷൻ ഡ്രൈവിനുള്ള സംവിധാനങ്ങൾ ഒരുക്കാൻ സ്ഥാപനമേധാവികൾ ശ്രദ്ധിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂജ അവധി ദിവസങ്ങളിൽ തന്നെ ആരംഭിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജുകമാർ എൻ
ജോയിന്റ് സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

Scanned with CamScanner

3. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പേട്ട, തിരുവനന്തപുരം.
4. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
5. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, ആനത്തറ ലെയ്ൻ, ചാരാച്ചിറ, കവടിയാർ പി.ഒ., തിരുവനന്തപുരം -3
6. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/ തൃശ്ശൂർ/ എറണാകുളം/കോഴിക്കോട്
7. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യുവാൽസ് ക്യാമ്പസ്, എച്ച് എം. റ്റി. കോളനി, പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം/ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കരിപ്പുഴ, കൊല്ലം.
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂമീഡിയ)
9. നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- 1. ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ഉന്നതവിദ്യാഭ്യാസവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.

**ഇണ്ടാസ് നമ്പർ.ഇഎ1/7862/2021/എച്ച്.ആർ.ഡി. തീയതി,16.10.2021**

1. പകർപ്പ് തുടർനടപടികൾക്കായി എല്ലാ സ്ഥാപന മേധാവികൾക്കും
2. അഡീഷണൽ ഡയറക്ടർ
3. സൂപ്രണ്ട് അക്കാഡമിക് സെക്ഷൻ
4. കരുതൽ ഫയൽ
5. ഓഫീസ് പകർപ്പ്

ഒപ്പ്
ഡയറക്ടർ

അംഗീകാരത്തോടെ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

Scanned with CamScanner